# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 4716**

26/10/2016-ൽ മറുപടിയ്ക്ക്

## അമിതകൂലി ഈടാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.ടി. ബൽറാം | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിലുള്ള അമിതകൂലി ഈടാക്കൽ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിലും ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു. |
| (ബി) ഇതു സംബന്ധിച്ച പരാതികൾ നൽകുന്നതിന് തൊഴിൽ വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | ബി) ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട അമിതകൂലി ഈടാക്കുന്ന പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 180042555214/ 155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. |

| | | |
|---|---|---|
| (സി) | പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) അമിതകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുകയും കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ